# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 100 | 30.11.2015 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | **ശ്രീ. ഉമ്മൻ ചാണ്ടി**<br>ബഹു. മുഖ്യമന്ത്രി |

## ബഡ്ജറ്റ് പദ്ധതികൾ

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റുകളിലൂടെ പുതുതായി പ്രഖ്യാപിക്കപ്പെട്ട മൊത്തം പദ്ധതികൾ എത്രയായിരുന്നു; അവയിൽ പൂർണ്ണമായും നടപ്പിലാക്കപ്പെട്ടവ എത്ര; ഭാഗീകമായി നടപ്പിലാക്കപ്പെട്ടവ എത്ര; ഭരണാനുമതി നൽകി യെങ്കിലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തവ എത്ര; ഓരോ വർഷവും നടപ്പിലാക്കാൻ സാധിക്കാതെ പോയവ എത്ര; വിശദമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അവതരിപ്പിച്ച ബഡ്ജറ്റിലൂടെ പുതിയ 490-ഓളം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം അവയിൽ 275-ഓളം പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. 130-ഓളം പദ്ധതികൾ ഭാഗീകമായി നടപ്പിലാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകിയെങ്കിലും 20-ഓളം പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് 90-ഓളം പദ്ധതികളുടെ നിർവ്വഹണം സാധിക്കാതെ വന്നിട്ടുണ്ട്. |
| (ബി) | എല്ലാ ബഡ്ജറ്റുകളിലും കൂടിയുള്ള മൊത്തം ബഡ്ജറ്റ് എസ്റ്റിമേറ്റ് എത്ര; ഇതിൽ പദ്ധതി നടത്തിപ്പുകൾക്കായി പിൻവലിക്കപ്പെട്ട തുക എത്ര; പിൻവലിക്കപ്പെട്ട തുകയിൽ ഇപ്പോഴും വിനിയോഗിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ കിടക്കുന്നവ മൊത്തം എത്ര കോടി രൂപയാണ്; വിശദമാക്കുമോ; | 2011-12 മുതൽ 2015-16 വരെ എല്ലാ ബഡ്ജറ്റിലും കൂടി പദ്ധതി/പദ്ധതിയേതര ഇനങ്ങളിലായി ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക 438760.66 കോടി രൂപയാണ്. ഇതിൽ പദ്ധതി നടത്തിപ്പുകൾക്കായി 2015 സെപ്റ്റംബർ വരെ പിൻവലിച്ച തുക 52703.47 കോടി രൂപയാണ്. വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെടുകയും എന്നാൽ ട്രഷറി അക്കൗണ്ടുകളിൽ ചെലവാകാതെ കിടക്കുകയും ചെയ്യുന്ന തുക 404.88 കോടി രൂപയാണ്. |

| | | |
|---|---|---|
| (സി) | പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഏറ്റവും പിന്നോക്കമായിരുന്ന വകുപ്പുകൾ ഏതൊക്കെയായിരുന്നു ? | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സമർപ്പിച്ച കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ പിന്നോക്കം നിൽക്കുന്ന റവന്യൂ, ജലവിഭവം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് യഥാക്രമം 34 ശതമാനം, 44 ശതമാനം എന്നിങ്ങനെ ആയിരുന്നു. 2012-13 സാമ്പ ത്തിക വർഷം ഭവന നിർമ്മാണം, റവന്യൂ, പൊതുഭരണം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് 43 ശതമാനവും 40 ശതമാനവും 11 ശതമാനവും മാത്രമായിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ നിയമ വകുപ്പിലെ പദ്ധതി ചെലവ് 17 ശതമാനവും ആസൂത്രണ വകുപ്പിലേത് 8 ശതമാനവും റവന്യൂ വകുപ്പി ലേത് 32 ശതമാനവും, പബ്ലിക് റിലേഷൻസ് വകുപ്പിലേത് 43 ശതമാനവുമായിരുന്നു. 2014-15 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ കുറവ് രേഖപ്പെടുത്തിയ വകുപ്പുകൾ പരിസ്ഥിതി (41 ശതമാനം), ഭക്ഷ്യ പൊതു വിതരണം (28 ശതമാനം), വ്യവസായം (38 ശതമാനം), തുറമുഖം (48 ശതമാനം), റവന്യൂ (20 ശതമാനം), ജലവിഭവം (46 ശതമാനം), ഭവന നിർമാണം (42 ശതമാനം) എന്നിവയായിരുന്നു. |

അക്കൗണ്ട്സ് ഓഫീസർ

gn. 100

| അനുബന്ധം | |
|---|---|
| വകുപ്പ് | ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക |
| | തുക ലക്ഷത്തിൽ |
| മൃഗ സംരക്ഷണ വകുപ്പ് | 2431.74 |
| പുരാവസ്തു വകുപ്പ് | 275.84 |
| കോളേജ് വിദ്യാഭ്യാസ വകുപ്പ് | 41.51 |
| ക്ഷീര വികസന വകുപ്പ് | 755.75 |
| ഹയർ സെക്കന്ററി വിദ്യാഭ്യാസം | 129.65 |
| കമാന്റ് ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി | 199.35 |
| തൊഴിൽ കമ്മീഷണർ | 300.00 |
| മ്യൂസിയവും മൃഗശാലയും വകുപ്പ് | 23.25 |
| തൊഴിലും വ്യവസായവും പരിശീലന വകുപ്പ് | 222.68 |
| പഞ്ചായത്ത് വകുപ്പ് | 556.01 |
| പട്ടിക ജാതി വികസന വകുപ്പ് | 1164.74 |
| സാമൂഹ്യ നീതി വകുപ്പ് | 9679.95 |
| സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് | 4.00 |
| നഗര കാര്യ വകുപ്പ് | 261.89 |
| സാമൂഹ്യ സുരക്ഷാ മിഷൻ | 2140.06 |
| ലാന്റ് റവന്യൂ | 23.23 |
| സർവ്വേയും ഭൂരേഖയും വകുപ്പ് | 2099.42 |
| സഹകരണ വകുപ്പ് | 1771.62 |
| കായിക യുവജനക്ഷേമ വകുപ്പ് | 140.00 |
| പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും വകുപ്പ് | 302.07 |
| മത്സ്യ ബന്ധന വകുപ്പ് | 9717.00 |
| കൈത്തറി ടെക്സ്റ്റയിൽസ് വകുപ്പ് | 57.90 |
| ലാന്റ് ബോർഡ് | 2549.86 |
| ഗ്രാമ വികസന വകുപ്പ് | 141.36 |
| വിനോദ സഞ്ചാര വകുപ്പ് | 15.53 |
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 5063.00 |
| പൊതു വിദ്യാഭ്യാസ വകുപ്പ് | 420.21 |
| **ആകെ** | **40487.62** |

(signature)
അക്കൗണ്ട്സ് ഓഫീസർ